പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം : 5817

09.07.2012-ൽ മറുപടി
നൽകേണ്ടിയിരുന്നത്

## ലാന്റ് ബാങ്കിലെ ഭൂമിയുടെ കണക്ക്

ചോദ്യം

ശ്രീ. എ. എ. അസീസ്
കോവൂർ കുഞ്ഞുമോൻ

ഉത്തരം

ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ ലാന്റ് ബാങ്കിൽ നിലവിലുള്ള ഭൂമിയുടെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(എ) ലാന്റ് ബാങ്കിൽ നിലവിൽ 26495 കേസുകളിലായി ആകെ 72810.8393 ഹെക്ടർ ഭൂമിയാണ് ചേർത്തിട്ടുള്ളത്. ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | റിപ്പോർട്ട് ചെയ്ത ആകെ കേസുകൾ | ആകെ വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|---|
| 1 | തിരുവനന്തപുരം | 1687 | 1443.9568 |
| 2 | കൊല്ലം | 8649 | 4036.1805 |
| 3 | പത്തനംതിട്ട | 1360 | 1684.4483 |
| 4 | ആലപ്പുഴ | 692 | 1394.4047 |
| 5 | കോട്ടയം | 1991 | 4005.8002 |
| 6 | ഇടുക്കി | 2525 | 52112.1647 |
| 7 | എറണാകുളം | 4126 | 2461.1571 |
| 8 | തൃശ്ശൂർ | 1462 | 1056.5075 |
| 9 | പാലക്കാട് | 933 | 794.2912 |
| 10 | മലപ്പുറം | 1403 | 2478.4737 |
| 11 | കോഴിക്കോട് | 629 | 467.4596 |
| 12 | വയനാട് | 472 | 357.076 |
| 13 | കണ്ണൂർ | 275 | 270.0243 |
| 14 | കാസർഗോഡ് | 291 | 248.8947 |
| | ആകെ | 26495 | **72810.8393** |

(ബി) ലാന്റ് ബാങ്കിലേയ്ക്ക് കൂടുതൽ ഭൂമി കണ്ടെത്തുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(ബി) സർക്കാർ ഭൂമി ലാന്റ് ബാങ്കിലേയ്ക്ക് ഉൾപ്പെടുത്തുന്ന നടപടികൾ ഊർജ്ജിതമാക്കുന്നതിനായി എല്ലാ ജില്ലാ കളക്ടറേറ്റുകളിലും പ്രതിമാസ അവലോകന യോഗത്തിൽ ടി വിഷയം ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

കൂടാതെ ലാന്റ് ബാങ്കിൽ നിന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വിവിധ റവന്യൂ ഓഫീസുകളിൽ നേരിട്ട് പോയി യോഗം നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ലാന്റ് ബാങ്കിൽ ഉൾപ്പെടുത്തേണ്ട ഭൂമിയുടെ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തുവരുന്നു. ലാന്റ് ബാങ്കിൽ ഭൂമി ഉൾപ്പെടുത്തുന്നതിന് സർക്കാർ ഭൂമി സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട വിഷയമായതിനാൽ അതിന് അടിയന്തിര പ്രാധാന്യം നൽകണമെന്ന് കളക്ടർമാരുടെ യോഗത്തിലും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. 1800 4255255 എന്ന ടോൾഫ്രീ സംവിധാനത്തിലൂടെ പൊതുജനങ്ങളുടെ സഹായത്തോടുകൂടിയും വിവരശേഖരണം ഉർജ്ജിതമായി നടന്നു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ